**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1599** **11-09-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യതൊഴിലാളികൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിലെ തീരദേശം ഉൾപ്പെടുന്ന ജില്ലകളിൽ നിന്ന് എത്ര പട്ടയങ്ങളാണ് മത്സ്യതൊഴിലാളികൾക്ക് നൽകിയതെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടയം നൽകുന്നതിന്റെ വിവരങ്ങൾ തൊഴിലടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ച് വരുന്നില്ല. ആയതിനാൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിയ പട്ടയങ്ങളുടെ വ്യക്തമായ കണക്ക് ലഭ്യമല്ല. എന്നിരുന്നാലും പ്രാദേശികാന്വേഷണത്തിൽ ജില്ലാ കളക്ടർമാർക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തീരദേശ മേഖലയിൽ പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ബി) | തീരദേശ മേഖലയിൽ CRZ പരിധിക്ക് പുറത്ത് താമസിക്കുന്ന ജനങ്ങളുടെ പട്ടയ അപേക്ഷകൾ പരിശോധിച്ച് അർഹമായ അപേക്ഷകളിൻമേൽ പട്ടയം നൽകുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ പട്ടയ അസംബ്ളി മുഖേന പട്ടയം ലഭിക്കാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വിവരശേഖരണം നടത്തുകയും അവരുടെ അപേക്ഷകളിൻമേൽ ആവശ്യമായ തുടർനടപടി ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ല | നിയോജകമണ്ഡലം | നൽകിയ പട്ടയങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | ചിറയിൻകീഴ് | 2 |
| | | കോവളം | 3 |
| | | നെയ്യാറ്റിൻകര | 43 |
| 2 | കൊല്ലം | കരുനാഗപ്പള്ളി | 5 |
| | | ചവറ | 6 |
| | | കൊല്ലം | 82 |
| 3 | പത്തനംതിട്ട | | തീരദേശം ഇല്ല |
| 4 | ആലപ്പുഴ | | മത്സ്യത്തൊഴിലാളികൾക്ക് കൊടുത്ത പട്ടയങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ല |
| 5 | കോട്ടയം | | തീരദേശം ഇല്ല |
| 6 | ഇടുക്കി | | തീരദേശം ഇല്ല |
| 7 | എറണാകുളം | കൊച്ചി | 2 |
| | | വൈപ്പിൻ | 2 |
| 8 | തൃശ്ശൂർ | കൈപ്പമംഗലം | 109 |
| | | നാട്ടിക | 4 |
| | | ഗുരുവായൂർ | 35 |
| 9 | പാലക്കാട് | | തീരദേശം ഇല്ല |
| 10 | മലപ്പുറം | താനൂർ | 2 |
| 11 | കോഴിക്കോട് | കോഴിക്കോട് നോർത്ത് | 9 |
| | | കൊയിലാണ്ടി | 5 |
| 12 | വയനാട് | | തീരദേശം ഇല്ല |
| 13 | കണ്ണൂർ | | നൽകിയിട്ടില്ല |
| 14 | കാസർകോട് | | നൽകിയിട്ടില്ല |